പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 229

08-02-2016 - ൽ മറുപടിയ്ക്ക്

## മത്സ്യത്തൊഴിലാളികളുടെ പഞ്ഞമാസ സമാശ്വാസ പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എ.കെ.ശശീന്ദ്രൻ<br>ശ്രീ.തോമസ് ചാണ്ടി :** | | **ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി** |
| എ) | ട്രോളിംഗ് നിരോധന, പഞ്ഞമാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് നൽകാറുള്ള 2700/-രൂപ പകുതിയിലേറെപ്പേർക്കും ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) | പഞ്ഞമാസ സമാശ്വാസ പദ്ധതി പ്രകാരം തൊഴിലാളികളുടെ വിഹിതം കഴിഞ്ഞകൊല്ലം തന്നെ അടച്ചെങ്കിലും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അവരുടെ വിഹിതം മുടക്കിയതിനാൽ തൊഴിലാളികളുടെ പഞ്ഞമാസ സമാശ്വാസ പദ്ധതി മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു; | ബി) | കേന്ദ്ര സംസ്ഥന സർക്കാരുകൾ വിഹിതം മുടക്കിയിട്ടില്ല. സമ്പാദ്യ സമാശ്വാസ പദ്ധതി 50% കേന്ദ്ര ആവിഷ്കൃത പദ്ധതിയാണ്. സംസ്ഥാന ഗവൺമെന്റിൽ നിന്നും തുക പൂർണ്ണമായും ചെലവഴിച്ചതിനുശേഷം കേന്ദ്ര സർക്കാരിന്റെ വിഹിതം റിഇംബേഴ്സ്മെന്റായിട്ടാണ് ലഭിക്കുന്നത്.<br><br>2015-16 വർഷത്തിൽ തീരദേശ മത്സ്യത്തൊഴിലാളികൾക്ക് മേയ്, ജൂൺ, സെപ്തംബർ മാസങ്ങളിലായും, ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിലുമായി സമ്പാദ്യ സമാശ്വാസ തുക വിതരണം ചെയ്തിട്ടുണ്ട്. |
| സി) | പ്രസ്തുത പദ്ധതി മുടങ്ങിയതിനാൽ മത്സ്യത്തൊഴിലാളികളുടെ പെൻഷൻ, തണൽ പദ്ധതി, അംഗത്വ അംശദായപിരിവ്, ലംപ്സംഗ്രാന്റ്, സ്കോളർഷിപ്പ് | സി) | മത്സ്യത്തൊഴിലാളി വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, അനുബന്ധ തൊഴിലാളി പെൻഷൻ എന്നിവ 2015 ഡിസംബർ മാസം ഉൾപ്പെടെ വിതരണം ചെയ്തുകഴിഞ്ഞു. |

| | | | |
|---|---|---|---|
| | എന്നിവയും മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിച്ചത് എന്ന് അറിയിക്കുമോ ? | | മത്സ്യബോർഡ് മുഖേന നൽകുന്ന തണൽ പദ്ധതിപ്രകാരമുള്ള 1350/- രൂപയുടെ ധനസഹായം ഗുണഭോക്താക്കളിൽ നിന്ന് , അപേക്ഷ സ്വീകരിച്ച് അവരവരുടെ അക്കൗണ്ടിലേക്ക് ബാങ്ക് മുഖേന നേരിട്ട് വിതരണം ചെയ്തു വരുന്നു.<br><br>2015-16 സാമ്പത്തിക വർഷങ്ങളിൽ മത്സ്യത്തൊഴിലാളികളിൽ നിന്നും അനുബന്ധത്തൊഴിലാളികളിൽ നിന്നും അംഗത്വ അംശദായ പിരിവ് യഥാസമയം പിരിച്ചുവരുന്നു ണ്ട്.<br><br>2015-16 സാമ്പത്തിക വർഷത്തിൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിന് 2405-00-800-92-12 (എൻ.പി) ശീർഷകത്തിൽ 10 കോടി രൂപ വകയിരുത്തിയിരുന്നു. ഈ തുക അപര്യാപ്തമായതിനാൽ 15.40 കോടി രൂപ അധികമായി അനുവദിച്ച് നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**